പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1554

03-10-2011-ൽ മറുപടിക്ക്

## മുഴപ്പിലങ്ങാട് ഫിഷ്‌ലാൻഡിംഗ് സെന്റർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) മുഴപ്പിലങ്ങാട് ഫിഷ്‌ലാൻഡിംഗ് സെന്റർ തുടങ്ങുന്നതിനുള്ള പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;<br><br>ബി) ഇതിന്റെ പ്രവർത്തനം തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ;<br><br>സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | എ), ബി) & സി)<br>സമഗ്രതീരദേശ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മുഴപ്പിലങ്ങാട് മത്സ്യ വിപണന കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി ജി.ഒ.(ആർ.റ്റി) 20/2009/എഫ്.ആൻഡ് പി.ഡി. തീയതി 16.01.2009 പ്രകാരം 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2009-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 24% അധിക നിരക്കിൽ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചുവെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരൻ തയ്യാറാകാതിരിക്കുകയും 35% അധിക നിരക്കു നൽകിയാൽ പ്രവൃത്തി ഏറ്റെടുക്കാമെന്ന് കരാറുകാരൻ എഴുതിക്കൊടുത്ത സാഹചര്യത്തിൽ ദർഘാസ് 35% അധിക നിരക്കിൽ അംഗീകരിക്കാനായി ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. കരാറുകാരനോട് കാലാവധി നീട്ടി നൽകാൻ ആവശ്യപ്പെട്ടെങ്കിലും സമ്മതം പ്രകടിപ്പിക്കാത്ത സാഹചര്യത്തിൽ രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനോട് 35% നിരക്കിൽ ഏറ്റെടുക്കാമോ എന്ന് ആരാഞ്ഞെങ്കിലും ടി കരാറുകാരനും കാലാവധി നീട്ടുന്നതിനും 35% നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനും സമ്മതം പ്രകടിപ്പിച്ചില്ല.<br>പ്രവൃത്തി വീണ്ടും പുനഃദർഘാസ് ക്ഷണിക്കാൻ പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. കൂടാതെ ഇതിനകം 2010 ഷെഡ്യൂൾ ഓഫ് റേറ്റ്, റിവൈസ്ഡ് 2010 ഷെഡ്യൂൾ ഓഫ് റേറ്റ്, എന്നിവ ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഭരണാനുമതി തുകയിൽ 45% -ൽ ഏറെ വർദ്ധനവ് വേണ്ടി വരും. എന്നാൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള ഫണ്ട് ലഭ്യമല്ലെന്ന് കേരളാ കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ അറിയിച്ചതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ